പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 4215

21-07-2015 ൽ മറുപടിക്ക്

## ചാത്തന്നൂർ മണ്ഡലത്തിലെ പോളച്ചിറ ഏലാ വികസന പദ്ധതി

ചോദ്യം

ശ്രീ. ജി.എസ്. ജയലാൽ

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പോളച്ചിറ ഏലാ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് നബാർഡ് എത്ര കോടി രൂപയുടെ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും, ഭരണാനുമതി നൽകിയത് എന്നാണെന്നും അറിയിക്കുമോ; | (എ) | 3,20,00,000/- രൂപയുടെ പദ്ധതിയ്ക്ക് 14-03-2011 ന് ഭരണാനുമതി നൽകുകയും 6-8-2014 ന് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർമ്മാണ ജോലികൾ പൂർത്തീകരിക്കേണ്ടത് എന്നായിരുന്നു; കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് നിർമ്മാണ ജോലികൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | പൂർത്തീകരണ കാലാവധി 2013 മാർച്ച് ആയിരുന്നു. പ്രസ്തുത കാലാവധി 2015 മാർച്ച് വരെ ദീർഘിപ്പിച്ചിരുന്നു. |
| (സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തൊക്കെ നിർമ്മാണ ജോലികളാണ് വിഭാവനം ചെയ്തിരുന്നതെന്ന് അറിയിക്കുമോ; ഇതിൽ എത്രത്തോളം ജോലികൾ പൂർത്തീകരിച്ചുവെന്നും എത്ര രൂപ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | 1. തോടിന്റെ ആഴം കൂട്ടൽ ബണ്ട് ബലപ്പെടുത്തൽ<br>2. തലച്ചിറ-കുളം നിർമ്മാണം<br>3. ഫാം തോടിന്റെ സൈഡ് ബണ്ട് ഉയർത്തൽ<br>4. പാർശ്വഭിത്തി നിർമ്മാണം<br>5. കലുങ്ക് നിർമ്മാണം<br>6. കലുങ്കിന്റെയും പമ്പ് ഹൗസിന്റെയും സൈഡ് ഭിത്തി നിർമ്മാണം<br>7. 50 എച്ച്.പി, പെട്ടി, പറ സ്ഥാപിക്കൽ<br>8. 50 എച്ച്.പി, എഞ്ചിൻ തറയും പമ്പ് ഹൗസ് നിർമ്മാണവും<br>9. എ) ട്രാക്ടർ പാസ്സേജ് വിത്ത് കൾവെർട്ട് |

| | | |
|---|---|---|
| | | (ബി) നടപ്പാത നിർമ്മാണം<br>(സി)ഇറിഗേഷൻ പൈപ്പ് സ്ഥാപിക്കൽ<br>10. 10 എച്ച്.പി മോട്ടോർ പമ്പ് സെറ്റും സിങ്കിംഗ് കിണർ നിർമ്മാണവും<br>**പൂർത്തീകരിച്ച ജോലികൾ**<br>1. കൾവെർട്ട്സ് - 3 എണ്ണം<br>2. സ്ലൂയിസ് - 2 എണ്ണം<br>3. പെട്ടി, പറയുടെ അറ്റകുറ്റപ്പണികൾ<br>4. കോൺക്രീറ്റ് സൈഡ് വാൾ നിർമ്മാണം<br>5. ഫുട്ട് സ്ലാബ് - 2 എണ്ണം<br>6. സൈഡ് പാറക്കെട്ട്<br>കൺവീനർക്ക് നൽകിയ തുക 75,88,433/- |
| (ഡി) പ്രസ്തുത നിർമ്മാണ ജോലികളിൽ ശേഷിക്കുന്ന പ്രവർത്തികൾ ഏതൊക്കെയെന്നും എന്നത്തേയ്ക്ക് നിർമ്മാണം പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ഡി) | 1. തലക്കുളം നിർമ്മാണം<br>2. തോടിന്റെ ആഴംകൂട്ടൽ, ബണ്ട് ബലപ്പെടുത്തൽ<br>3. ഫാം തോടിന്റെ സൈഡ് ബണ്ട് ഉയർത്തൽ<br>4. 50 എച്ച്.പി പെട്ടി സ്ഥാപിക്കൽ.<br>എന്നീ നിർമ്മാണ ജോലികൾ ശേഷിക്കുന്നു. |

സെക്ഷൻ ഓഫീസർ